# Malayala Manorama

## 29 August 2018

## Kakkanad, After Flood, Flood Affected Houses, Delay in Cleaning



വെള്ളം കയറിയത്

# 2 ലക്ഷം വീടുകളിൽ

- ശുചീകരണത്തിന് താമസം വരും
- 30,000 സന്നദ്ധ സേവകർ രംഗത്ത്

കാക്കനാട് • പ്രളയത്തിൽ വെള്ളം കയറിയ മുഴുവൻ വീടുകളും ശുചീകരിച്ചു പൂർവസ്ഥിതിയിലാക്കാൻ ഇനിയും ദിവസങ്ങൾ വേണ്ടി വരുമെന്നു വിലയിരുത്തൽ. ജില്ലയിലെ 22 പഞ്ചായത്തുകളിലായി 1,72,000 വീടുകളിലും നാലു നഗരസഭകളിലായി 33,000 വീടുകളിലും വെള്ളം കയറി നഷ്ടമുണ്ടായിട്ടുണ്ട്.

സന്നദ്ധ പ്രവർത്തകരും സർക്കാർ ജീവനക്കാരും വിവിധ ഏജൻസികളിൽ നിന്നുള്ളവരുമായി മുപ്പതിനായിരത്തോളം പേർ ശുചീകരണ രംഗത്തുണ്ട്. ഒരു ലക്ഷം വീടുകളുടെയെങ്കിലും ആദ്യഘട്ടം ശുചീകരണ പൂർത്തിയായെന്നാണു പ്രാഥമിക കണക്ക്. 835 തദ്ദേശ സ്ഥാപന വാർഡുകളിൽ പ്രളയ ദുരിതബാധയുണ്ടായി. പലവട്ടം ശുചീകരിച്ചിട്ടും താമസിക്കാനാകാത്ത ഒട്ടേറെ വീടുകളുണ്ട്.

ശുചീകരണം അടിയന്തരമായി നടപ്പാക്കേണ്ട 22 പഞ്ചായത്തുകളെ റെഡ് സോണായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇവിടങ്ങളിലും പൂർണ തോതിൽ ശുചീകരണം തീരാൻ ആഴ്ചകളെടുക്കും.

പ്രളയക്കെടുതിയിൽ മരിച്ച മൃഗങ്ങളുടെ ശരീരാവശിഷ്ടങ്ങൾ മറവു ചെയ്യുന്ന നടപടി ഏകദേശം പൂർത്തിയായി. പലയിടങ്ങളിലും വൈദ്യുതി പുനഃസ്ഥാപിച്ചു വരുന്നതേയുള്ളു.